**REMINDER**

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.16321/2018/EST(B)**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
15/06/2022

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഗാർഡ് തസ്തികയിലേയ്ക്കുള്ള ഒഴിവുകളിൽ **35 %**ക്ഷേത്ര ജീവനക്കാർക്കായി സംവരണം ചെയ്യുന്നത് സംബന്ധിച്ച്.

**സൂചന:-** ഈ ആഫീസിലെ **17.03.2022**-ലെ മേൽ നമ്പർ സർക്കുലർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് ഗാർഡ് തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിന് വേണ്ടി **01.01.2022** തീയതി വച്ച് കരട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരുന്നതും ആയതിൽ നിർദ്ദിഷ്ട വ്യവസ്ഥ പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട മേലധികാരി മുഖേന ഹാജരാക്കേണ്ട ജീവനക്കാരുടെ വിവരം രേഖപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ നിർദ്ദിഷ്ട സമയം കഴിഞ്ഞിട്ടും വളരെ കുറച്ച് ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് മാത്രമാണ് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. കരട് സീനിയോറിറ്റി എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടാത്തത് മൂലമാണ് ഇത്തരത്തിൽ വളരെ കുറച്ച് ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചതെന്ന് അനുമാനിക്കുന്നു.

ആകയാൽ **01.01.2022**-തീയതി വച്ച് തയ്യാറാക്കിയിട്ടുള്ള കരട് സീനിയോറിറ്റി എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തി മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട ജീവനക്കാർ **22.06.2022-**നകം മെഡി

ക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ബന്ധപ്പെട്ട മേലധികാരികൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കം മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത പക്ഷം ടി ജീവനക്കാരുടെ പേര് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതായിരിക്കും എന്ന വിവരം ഒരിക്കൽ കൂടി ശ്രദ്ധയിൽപ്പെടുത്തി കൊള്ളുന്നു.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **എല്ലാ ഡിപ്പാർട്ടുമെന്റ് മേധാവികൾക്കും**
2. **ഇ.ഡി.പി സെക്ഷൻ, ദേവസ്വം ബോർഡ് ഓഫീസ്**
3. **സെക്ഷൻ ഫയൽ**
4. **ഫെയർ ഓഫീസ് കോപ്പി**

**RA**